بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 06.11.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

06.11.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്‌രീകെ ജദീദിന്റെ 81-ാം വർഷം ഒക്ടോബർ 31 ന് അവസാനിക്കുകയും 82-ാം വർഷം ആരംഭിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ത്യാഗം ചെയ്യുക. നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട വസ്തു ത്യാഗം ചെയ്യുക. നിങ്ങൾ ഫലവും ലാഭവും എടുത്തുകൊണ്ടിരിക്കുന്ന വസ്തു ത്യാഗം ചെയ്യുക. നിങ്ങൾക്ക് സൗഖ്യവും സൗകര്യവും പ്രദാനം ചെയ്യുന്ന വസ്തു ത്യാഗം ചെയ്യുക. ബാഹ്യമായിനോക്കുമ്പോൾ നിങ്ങളുടെ പക്കൽ ഭാവിയിൽ നിങ്ങളുടെ സന്താനങ്ങളുടെ ജീവിതത്തെ സുവർണമാക്കുമെന്ന് നിങ്ങൾ കരുതുന്ന വസ്തുക്കൾ ത്യാഗം ചെയ്യുക.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദ ഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

**ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂന വമാ തുൻഫിഖൂ മിൻശയ്ഇൻ ഫ ഇന്നല്ലാഹ ബിഹീ അലീം**(3:93)

നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതു വരെ നിങ്ങൾ ഒരിക്കലും നന്മ പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്ന് ചെലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ല വണ്ണം അറിയുന്നവനാകുന്നു.

എല്ലാ മുഅ്മിനീംകളുടേയും ആഗ്രഹമാണ് നന്മചെയ്ത് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുക എന്നത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി നിങ്ങൾ നന്മ ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ നന്മ, ത്യാഗം ആഗ്രഹിക്കുന്നു എന്ന കാര്യം ഓർക്കണമെന്ന് അല്ലാഹു ഈ ആയത്തിൽ മുഅ്മിനീംകളോടു പറഞ്ഞിരിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ത്യാഗം ചെയ്യുക. നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട വസ്തു ത്യാഗം ചെയ്യുക. നിങ്ങൾ ഫലവും ലാഭവും എടുത്തുകൊണ്ടിരിക്കുന്ന വസ്തു ത്യാഗം ചെയ്യുക. നിങ്ങൾക്ക് സൗഖ്യവും സൗകര്യവും പ്രദാനം ചെയ്യുന്ന വസ്തു ത്യാഗം ചെയ്യുക. ബാഹ്യമായിനോക്കുമ്പോൾ നിങ്ങളുടെ പക്കൽ ഭാവിയിൽ നിങ്ങളുടെ സന്താനങ്ങളുടെ ജീവിതത്തെ സുവർണമാക്കുമെന്ന് നിങ്ങൾ കരുതുന്ന വസ്തുക്കൾ ത്യാഗം ചെയ്യുക. ഈ ഒരു ത്യാഗവും നിസാരമല്ല. ധനം എപ്പോഴും മനുഷ്യന് പ്രിയപ്പെട്ടതാണ്. സ്വർണവും വെള്ളിയും മൃഗങ്ങളും സ്വത്തുക്കളും വയലുകളും തോട്ടങ്ങളുമെല്ലാം മനുഷ്യന് പ്രിയപ്പെട്ടതാണെന്ന് അല്ലാഹുവും പഞ്ഞിട്ടുണ്ട്. അവ മനുഷ്യന് അന്തസ്സിന് കാരണമാണ്. അവൻ അവയിൽ അഭിമാനിക്കുന്നു. എല്ലാ വിഭാഗത്തിലും സമ്പത്തിനോടുള്ള സ്നേഹവും ജീവിതാവശ്യമെന്ന പേരിൽ പുതിയതിൽ പുതിയതായ വസ്തുക്കൾ ലഭിക്കണമെന്ന ആഗ്രഹവും അതിന്റെ ഉന്നതിയിലെത്തിയിരിക്കുകയാണ്. ഇത്തരം അവസ്ഥകളിൽ നന്മകൈവരിക്കുന്നതിന് നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട വസ്തുക്കളും ആഗ്രഹങ്ങളും സൗകര്യങ്ങളും ത്യാഗം ചെയ്യാൻ പറയുന്നത് ഒരു സാധാരണക്കാരനായ ഭൗതികന് അത്ഭുതകരമായ കാര്യമായിരിക്കും. ഇക്കാലഘട്ടത്തിലും വിശുദ്ധഖുർആനിന്റെ അധ്യാപനം അറിയുന്നവരും, അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നവരും ഉണ്ടെന്നുള്ളത് ലോകത്തിന് അറിയില്ല. അത്തരമാളുകൾ നന്മ കരസ്ഥമാക്കാൻ ശ്രമിക്കുന്നു. ത്യാഗം ചെയ്ത് മറ്റുള്ളവർക്കു വേണ്ടി പരമാവധി നന്മചെയ്യാൻ പരിശ്രമിക്കുന്നു. അനുസരണത്തിൽ വർധന ഉണ്ടാക്കുന്നതും തനിക്കെന്താണ് പ്രിയപ്പെട്ടതെന്ന് നോക്കാതെ അതനുസരിച്ച് പ്രവർത്തിക്കാനുതകുന്നതുമായ നന്മ ചെയ്യാനും പരിശ്രമിക്കുന്നു. ഇക്കാലത്ത് ഏറ്റവും പ്രിയപ്പെട്ട കാര്യം അല്ലാഹുവിന്റെ കല്പന അനുസരിക്കുക എന്നതു മാത്രമാണ്. തഖ്‌വയിൽ വർധനയുണ്ടാക്കുന്ന നന്മചെയ്യാൻ പരിശ്രമിക്കുക. ഇക്കൂട്ടർ ആരാണെന്ന് ലോകത്തിലെ ബഹുഭൂരിപക്ഷമാളുകൾക്കും അറിയില്ല. നബി(സ)തിരുമേനിയുടെ സത്യപ്രേമിയുമായും കാലത്തിന്റെ ഇമാമുമായും കൂടിച്ചേർന്ന് യഥാർഥ നന്മ പ്രാപിക്കുന്നതിനുള്ള ഗ്രാഹ്യം മനസ്സിലാക്കിയവരാണ് അവർ. അവർ നന്മ പ്രാപിക്കുന്നതിനുവേണ്ടി നബി(സ)തിരുമേനിയിൽനിന്ന് അനുഗ്രഹം പ്രാപിച്ചവരുടെ തെളിമയാർന്ന ഗോപുരങ്ങളിൽനിന്ന് ശരിയായ വഴിയുടെ മാർഗദർശനം കരസ്ഥമാക്കിയവരാണ്. അവരുടെ ത്യാഗങ്ങളുടെ നിലവാരവും അത്ഭുതകരമായിരുന്നു.

ഒരു ഹദീഥിൽ വന്നിരിക്കുന്നു **ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ** എന്ന വചനമിറങ്ങിയപ്പോൾ മദീനയിലെ അൻസ്വാറുകളിൽ സമ്പന്ന വ്യക്തിയായിരുന്ന ഹദ്റത്ത് അബൂത്വൽഹ അൻസ്വാരീ(റ) അദ്ദേഹത്തിന്റെ ഈത്തപ്പഴത്തോട്ടങ്ങളിൽനിന്ന് അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ടതും മസ്ജിദുന്നബ്‌വിയുടെ അടുത്തുള്ളതുമായ-നബി(സ)തിരുമേനി അധികവും അവിടെ പോകാറുണ്ടായിരുന്നു- ബയ്റൂഹാ എന്നതോട്ടം അല്ലാഹുവിന്റെ വഴിയിൽ നല്കുന്നുവെന്നു പറഞ്ഞ് നബി(സ) തിരുമേനിക്ക് കാഴ്ചവെച്ചു.

മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളായിരുന്നു അക്കൂട്ടർ. നന്മകളുടെ വഴിയിൽ നിശ്ചയിച്ചുറപ്പിച്ച് നിന്നിരുന്നവരായിരുന്നു അവർ. ആ സ്വഹാബാക്കളുടെ ഉദാഹരണങ്ങൾ നല്കിക്കൊണ്ട് ഇക്കാലഘട്ടത്തിലെ ഇമാം നമ്മളോട് ആവർത്തിച്ചാവർത്തിച്ച് അക്കാര്യം പറയുകയുണ്ടയി. ആ മഹാത്മാവ്(അ)തന്റെ പല ഉപദേശനിർദേശങ്ങളിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളും കല്പനകളും തുറന്നു വിവരിക്കുകയുണ്ടായി. നന്മ കരസ്ഥമാക്കുന്നതിനുള്ള ഉള്ളറിവും ഗ്രാഹ്യവും നല്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു:

'കൊള്ളരുതാത്തതും പാഴായതുമായ വസ്തുക്കൾ ചെലവു ചെയ്തിട്ട് ആർക്കും നന്മ ചെയ്തുവെന്ന് വാദിക്കാൻ സാധിക്കുകയില്ല. നന്മയുടെ വാതിൽ ഇടുങ്ങിയതാണ്. ഒന്നിനും കൊള്ളാത്തവസ്തുക്കൾ ചെലവുചെയ്തിട്ട് ആർക്കും അതിലൂടെ കടക്കാൻ കഴിയുകയില്ലെന്ന കാര്യം നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക. കാരണം ഖുർആനിലെ വചനത്തിൽനിന്ന് വ്യക്തമാണ് **ലൻത**

**നാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ** ഇഷ്ടപ്പെട്ടതിൽ ഏറ്റവും ഇഷ്ടപ്പെട്ടതും പ്രിയപ്പെട്ടതിൽ ഏറ്റവും പ്രിയങ്കരവും ചെലവഴിക്കാത്തിടത്തോളം 'മഹ്ബൂബ്, അസീസ്' എന്നീ പദവികൾ കിട്ടുകയില്ല. ബുദ്ധിമുട്ട് വഹിക്കാനും യഥാർഥ നന്മ കരസ്ഥമാക്കനും ആഗ്രഹിക്കുന്നില്ലെങ്കിൽ എങ്ങനെയാണ് വിജയിക്കാനും ലക്ഷ്യം നേടാനും സാധിക്കുന്നത്. സ്വഹാബാക്കൾ (റളിയല്ലാഹു അൻഹും അജ്മഈൻ)ഫ്രീയായിട്ടാണോ ആ പദവി പ്രാപിച്ചത്. ഭൗതികമായ സ്ഥാനപ്പേര് കരസ്ഥമാക്കാൻ എത്ര മാത്രം ചെലവഴിക്കുകയും ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വരികയും ചെയ്യുന്നു. അങ്ങനെ ചെയ്യുമ്പോഴായിരിക്കും എപ്പോഴെങ്കിലും മനസ്സമാധാനവും ശാന്തിയുമില്ലാത്തതായ ഒരു ചെറിയ സ്ഥാനപ്പേര് കിട്ടുന്നത്. അങ്ങനെ വരുമ്പോൾ ഉദാരവാനായ അല്ലാഹുവിന്റെ ഇഷ്ടത്തിന്റെ അടയാളമായ ഹൃദയത്തിന് തൃപ്തിയും മനസ്സിന് ശാന്തിയും നല്കുന്ന 'റളിയല്ലാഹു അൻഹും' എന്ന സ്ഥാനപ്പേര് അങ്ങനെയങ്ങ് എളുപ്പത്തിൽ വെറുതെ ലഭിച്ചതാണെന്നാണോ? യഥാർഥ സന്തോഷത്തിന് കാരണമായ അല്ലാഹുവിന്റെ സന്തുഷ്ടി താൽക്കാലികമായ ബുദ്ധിമുട്ടുകൾ സഹിക്കാത്താടിത്തോളം കരസ്ഥമാകുകയില്ല. അല്ലാഹുവിനെ വഞ്ചിക്കാൻ കഴിയില്ല. ദൈവിക തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ബുദ്ധിമുട്ടുകളെ അവഗണിക്കുന്നവൻ അനുഗൃഹീതൻ. കാരണം അനശ്വരമായ സന്തോഷവും എന്നെന്നും നിലനില്ക്കുന്ന സൗഖ്യത്തിന്റെ വെളിച്ചവും ഈ താൽക്കാലികമായ ബുദ്ധിമുട്ടിന് ശേഷമാണ് സത്യവിശ്വാസിക്ക് കിട്ടുന്നത്.

പിന്നീട് ഒരു സദസ്സിൽ ജമാഅത്തിലെ സ്നേഹിതന്മാരെ ഉപദേശിച്ചുകൊണ്ട് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ലോകത്ത് ധനത്തെ ഒരുപാട് സ്നേഹിക്കുന്നവനാണ് മനുഷ്യൻ. ഇക്കാരണത്താൽ സ്വപ്നവ്യാഖ്യാനശാസ്ത്രത്തിൽ എഴുതിയിരിക്കുന്നു, ആരെങ്കിലും തന്റെ കരൾ എടുത്ത് ആർക്കെങ്കിലും കൊടുക്കുന്നതു കണ്ടാൽ(സ്വപ്നത്തിൽ) അതിന്റെ ഉദ്ദേശ്യം ധനമാണ്. ഇതുകൊണ്ടാണ് യഥാർഥ തഖ്‌വയും ഈമാനും കരസ്ഥമാകുന്നതിന് നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ ഒരിക്കലും നന്മ പ്രാപിക്കുകയില്ല എന്നു പറഞ്ഞിട്ടുള്ളത്. ധനം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുക എന്നതും മനുഷ്യന്റെ സൗഭാഗ്യത്തിന്റേയും തഖ്‌വയുടെ നിലവാരത്തിന്റേയും ഉരകല്ലാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്ഥാപിച്ച ജമാഅത്ത് ഇക്കാര്യങ്ങൾ കേൾക്കുക മാത്രമല്ലചെയ്തത്. പ്രത്യുത കേട്ടതിനുശേഷം ത്യാഗങ്ങളുടെ നിലവാരവും നിലനിറുത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയും പല സ്ഥലത്തും പല മജ്‌ലിസുകളിലും ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ജമാഅത്തിന്റെ ത്യാഗനിലവാരം കണ്ടുകൊണ്ട് ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു: 'ഉടുതുണിപോലും ധരിക്കാനില്ലാത്ത ചാദുറോ പൈജാമയോ പോലും വളരെ പ്രയാസപ്പെട്ട് ലഭിക്കുന്ന നൂറുകണക്കിന്നാളുകൾ നമ്മുടെ ജമാത്തിൽ ചേർന്നിരിക്കുന്നതായി ഞാൻ കാണുന്നു. അവർക്ക് സ്വത്തുക്കളൊന്നുമില്ല. എന്നാൽ, അനന്തമായ അവരുടെ ആത്മാർഥതയും വിശ്വാസവും കൊണ്ടും സ്നേഹവും കൂറുംകൊണ്ടും മനസ്സിൽ ഒരുവിസ്മയവും അത്ഭുതവും ഉണ്ടാകുന്നു.'

വേറൊരു അവസരത്തിൽ അവിടന്ന് പറഞ്ഞു, 'എന്തൊരു അഭിവൃദ്ധിയും പരിവർത്തനവുമാണോ നമ്മുടെ ജമാഅത്തിൽ കാണുന്നത് അതു കാലംമുഴുവൻ തിരഞ്ഞാലും കാണുകയില്ല.' ആ മഹാത്മാവിൽനിന്ന് നേരിട്ട് അനുഗ്രഹം പ്രാപിച്ചവർ ഈ സ്ഥാനം കരസ്ഥമാക്കി. ആ മഹാത്മാവിൽനിന്ന് സന്തോഷത്തിന്റെ സർട്ടിഫിക്കേറ്റ് കരസ്ഥമാക്കി. എന്നാൽ, ഈ ആത്മാർഥതയും കൂറും കാലം കഴിഞ്ഞതോടെ അവസാനിച്ചുപോയോ? തീർച്ചയായുമില്ല. ഞാൻ പറഞ്ഞതുപോലെ ഇന്നും അത്തരക്കാർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ പുരുഷന്മാരിലും സ്ത്രീകളിലും കുട്ടികളിലുമുണ്ട്. അവർ ആത്മാർഥതയിലും കൂറിലും വളർന്നവരാണ്. കുറച്ചു ആളുകളിലോ കുറച്ച് പ്രത്യേകമാക്കപ്പെട്ട സ്ഥലങ്ങളിലോ അല്ല. മറിച്ച് ആയിരക്കണക്കിന് അത്തരം ഉദാഹരണങ്ങളുണ്ട്. അത് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുകയാണ്. അവർ **ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ** എന്ന വചനത്തിന്റെ ഗ്രാഹ്യമുളളവരാണ്. അവർ ത്യാഗങ്ങളിൽ വളർന്നുകൊണ്ടേപോകുന്നു. ഈ ആത്മാർഥരായവരുടെ ത്യാഗങ്ങളുടെ കുറച്ചു മാതൃകകൾ ഇപ്പോൾ സമർപിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഉടുതുണിക്കുപോലും ബുദ്ധിമുട്ടുന്നവർ എന്നാൽ, ആത്മാർഥതയിലും കൂറിലും മികച്ചുനില്ക്കുന്നവരുടെ ഒരുഉദാഹരണം കേൾക്കുക. ഈ ഉദാഹരണം ഒരുസ്ത്രീയുടേതാണ്; അതും കാഴ്ചയില്ലാത്ത സ്ത്രീയുടെ. സിയറ ലിയോൺ (Sierra Leone) ൽനിന്ന് ജമാഅത്തിന്റെ മുബല്ലിഗ് എഴുതുന്നു: "മംമ്പാറോയിൽ ഒരു ജമാഅത്തുണ്ട്. ഇവിടെ കണ്ണിന് കാഴ്ചയില്ലാത്ത ഒരു സ്ത്രീയുണ്ട്. അവർ തഹ്‌രീക്കെ ജദീദ് ചന്ദ 2000 ലിയോൺ വാഗ്ദാനം എഴുതിച്ചു. ചന്ദ വസൂൽചെയ്യാൻവേണ്ടി അവരുടെ അടുത്തുപോയപ്പോൾ അവർ പറഞ്ഞു: 'എനിക്ക് ചന്ദ അടയ്ക്കണമെന്ന ചിന്തയായിരുന്നു ആദ്യമേതന്നെയുണ്ടായിരുന്നത്. പക്ഷേ, അന്ധയായ കാരണത്താൽ എന്റെ വരുമാനമാർഗം ഒരു ചന്ദയും അടയ്ക്കാൻ എന്നെ അനുവദിച്ചില്ല. പക്ഷേ, അവർ പറഞ്ഞു: 'എന്തായാലും ഞാൻ വാഗ്ദാനം ചെയ്തതാണല്ലോ. ഞാൻ അത് അടയ്ക്കുന്നതാണ്.' അവർ ദുആ ചെയ്യാൻ തുടങ്ങി. ഇതിന്നിടയിൽ അപചരിതനായ ഒരാൾ ഗ്രാമത്തിൽ വന്നു. അവർ അയാളെ വിളിച്ചിട്ട് പറഞ്ഞു, എന്റെ കൈയിൽ ഇപ്പോഴുള്ളത് തലിയിലിടുന്ന ഒരു തട്ടമാണ്. അത് 2000 ലിയോണിന് താങ്കൾ വാങ്ങുക. ഇദ്ദേഹം പറയുന്നു, വാസ്തവത്തിൽ ആ തട്ടം പതിനായിരം മുതൽ പതിനയ്യായിരംവരെ വിലയുള്ളതാണ്. ആ മനുഷ്യൻ അത്ഭുതപ്പെട്ടുകൊണ്ട് ചോദിച്ചു, ഇത്രയധികം വിലകുറച്ച് വില്ക്കുന്നതെന്തിനാണ്? അപ്പോൾ ആ സ്ത്രീ പറഞ്ഞു: 'എനിക്ക് തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കണം. എന്റെ കൈയിൽ ഇപ്പോൾ പണമില്ല.' ആ അപരിചിതൻ ആ തട്ടം വാങ്ങുകയും 2000 ലിയോൺ ആ സ്ത്രീക്ക് കൊടുക്കുകയും ചെയ്തു. അയാൾ മാന്യനായിരുന്നു. പിന്നീട് ആ തട്ടവും തിരിച്ചു നല്കി. എന്നിട്ട് പറഞ്ഞു, 'ഇതു എനിക്കുവേണ്ടി നിങ്ങൾവച്ചുകൊള്ളുക.'

ആഫ്രിക്കയെന്ന അതിവിദൂര പ്രദേശത്ത് വസിക്കുന്ന നിരക്ഷയും അന്ധയുമായ ഒരു സ്ത്രീയുടെ ആത്മാർഥതയാണിത്. തീർച്ചയായും ഈ ആത്മാർഥത അല്ലാഹു ഉണ്ടാക്കിയിട്ടുള്ളതാണ്.

ഇന്ത്യയിലെ രാജസ്ഥാനിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: 'ഇവിടെ ബോലാഭാലി എന്ന ഒരു ജമാഅത്തുണ്ട്. അവിടെ 65 വയസ്സിനോടടുത്ത് പ്രായമുള്ള രോഗിയായ ഒരു സ്നേഹിതനുണ്ട്. അദ്ദേഹത്തിന് വരുമാനമൊന്നുമില്ല. അദ്ദേഹത്തോടു ധനത്യാഗത്തെ കുറിച്ച് പറഞ്ഞപ്പോൾ നിസാരമായ സംഖ്യ ടോക്കൺ എന്ന നിലയിൽ ത്യാഗം ചെയ്തു. കാരണം ഇതും സത്യവിശ്വാസികൾക്ക് നിർബന്ധമായ കാര്യമാണ്. അങ്ങനെ 1050 രൂപ അദ്ദേഹം ചന്ദ നല്കി. പറഞ്ഞു, 'ഈ തുക ഞാൻ അല്ലാഹുവിനുവേണ്ടി സ്വരുക്കൂട്ടിയതാണ്. ഇതു അല്ലാഹുവിന്റെതന്നെ തുകയാണ്.'

കൂടുതൽ ആത്മാർഥതയും കൂറുമുള്ള മറ്റൊരു സ്നേഹിതിന്റെ സംഭവം കേൾക്കുക. തീർച്ചയായും ഇത് സമ്പന്നന്മാരെ ശക്തമായി പിടിച്ചു കുലുക്കുന്ന സംഭവമാണിത്.

ബെനിൻ (Benin) ലെ അമീർ സാഹിബ് എഴുതുന്നു, ഇവിടെ ഒരു പഴയ അഹ്മദി സ്നേഹിതന്റെ പേര് ചന്ദകൊടുക്കാനുള്ളവരിൽ എഴുതിയിട്ടുണ്ടായിരുന്നു. അദ്ദേഹത്തോടു പറഞ്ഞപ്പോൾ അടുത്തദിവസം അദ്ദേഹം മിഷൻഹൗസിൽവന്നു പറഞ്ഞു, ഒരാഴ്ചയായിട്ട് ഭക്ഷണം കഴിച്ചിട്ടില്ലാത്ത വ്യക്തിയെ താങ്കൾ കണ്ടിട്ടുണ്ടോ? പറയുന്നു, രാത്രിമുഴുവൻ പട്ടിണിയായിരുന്നു. എനിക്ക് തഹ്‌രീക്കെ ജദീദ് ചന്ദകൊടുക്കണം, അതിന് എന്റെ കൈയിൽ പണമില്ലെന്ന് പറഞ്ഞ് ഞാൻ രാത്രിമുഴുവൻ കരഞ്ഞുകൊണ്ടിരുന്നു. അല്ലാഹു എന്നെ പരീക്ഷിക്കുകയാകാം. അതിനുശേഷം ഒരു ചെറിയ തുക അദ്ദേഹം തഹ്‌രീക്കെ ജദീദിൽ കൊടുത്തു. അപ്പോൾ ചന്ദവാങ്ങാൻ പോയ വ്യക്തി പറയുന്നു, ഞാൻ കുറച്ചു തുക സഹായമെന്ന നിലയിൽ അദ്ദേഹത്തിന് നല്കി. അദ്ദേഹം അതിൽനിന്ന് ഉടനെ 10 ഫ്രാങ്ക് സിഎഫ്എ തിരിച്ചു തന്നു. പറഞ്ഞു,'ഇപ്പോൾ എന്റെ ചന്ദ ആം കുടിശ്ശികയുണ്ട്, താങ്കൾ ഈ തുകയിൽനിന്ന് എന്റെ കുടിശ്ശിക മുറിക്കുക.' ഇതാണ് ആത്മാർഥതയും കൂറു പുലർത്തലും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ ഉടുതുണിപോലുമില്ലാതെ ബുദ്ധിമുട്ടുന്നവരാണ് അവർ. പക്ഷേ, ആത്മാർഥതയിൽ വളർന്നു നില്ക്കുന്നു.

നായിബ് വക്കീലുൽമാൽ ഖാദിയാനിൽ നിന്നെഴുതുന്നു: കൊടിയത്തൂർ അഹ്മദിയ്യാ ജമാഅത്തിൽ ജുമുഅഖുത്ബയിൽ തഹ്‌രീക്കെ ജദീദ് പദ്ധതിയുടെ പ്രാധാന്യം വിവരിക്കപ്പെട്ടു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിളിക്ക് സ്നേഹപരമായ ആവേശത്താൽ ഉത്തരംനല്കിയ ആത്മാർഥരായ ചിലരുടെ ത്യാഗങ്ങളെക്കുറിച്ചും വിവരിച്ചു. അതുകേട്ട് അവിടത്തെ സ്വദ്ർ ലജ്ന ജുമുഅയ്ക്കുശേഷം വീട്ടിൽപോകുകയും തിരിച്ചുവന്ന് തന്റെ സ്വർണത്തിന്റെ നല്ലതൂക്കമുള്ള വള ഊരി തഹ്‌രീക്കെജദീദിൽ ചന്ദകൊടുക്കുകയും ചെയ്തു.അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിലെ സ്ത്രീകളിലും ദീനീപരമായ ആവശ്യത്തിനായി തങ്ങളുടെ ആഭരണങ്ങൾ സമർപിക്കുന്ന നിരവധി ഉദാഹരണങ്ങൾ എല്ലായിടത്തും കാണാൻ കഴിയുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന അഹ്മദി സ്ത്രീകളുടെ ഈ ആത്മാവ് പ്രശംസനീയമാണ്. ദീനിനുവേണ്ടി തങ്ങൾ ഇഷ്ടപ്പെടുന്ന ആഭരണങ്ങൾ ത്യാഗം ചെയ്യുക എന്നത് ഇന്ന് അഹ്മദീ സ്ത്രീകളുടെ മാത്രം പ്രത്യേകതയാണ്.

ജർമനിയിലെ തഹ്‌രീക്കെ ജദീദ് നാഷണൽ സെക്രട്ടറി എഴുതുന്നു: 'ഇവിടത്തെ ഒരു ജമാഅത്ത് ഹനാവോയിൽ തഹ്‌രീക്കെ ജദീദിനെ ഉദ്ധരിച്ച് ഒരു സെമിനാർ സംഘടിപ്പിച്ചു. സെമിനാർ കഴിഞ്ഞുടനെ ഒരു സ്നേഹിതൻ തന്റെ ഭാര്യയുടെ ആഭരണങ്ങളുമായി തഹ്‌രീക്കെ ജദീദ് ഓഫീസിൽ വന്നു. അങ്ങനെ അദ്ദേഹത്തിന്റെ ഭാര്യ വിവാഹത്തിന്റെ ആഭരണങ്ങൾ തഹ്‌രീക്കെ ജദീദിൽ കൊടുത്തു.

ലാഹോറിലെ അമീർസാഹിബ് എഴുതുന്നു: ഒരു സ്ത്രീയുടെ തഹ്‌രീക്കെ ജദീദ് ചന്ദയുടെ വാഗ്ദാനം നിലവാരം പുലർത്തുന്നതായിരുന്നു. എന്നിട്ടും ടാർഗറ്റ് പൂർത്തിയാക്കുന്നതിനുവേണ്ടി അവരോടു പറഞ്ഞപ്പോൾ ഉടനെ എഴുന്നേറ്റ് മുറിയിൽപോകുകയും ആഭരണങ്ങളുടെ ഒരു പെട്ടി എടുത്തുകൊണ്ടുവരികയും അതിൽനിന്ന് നല്ലതൂക്കമുള്ള ഒരു വളയെടുത്ത് തഹ്‌രീക്കെ ജദീദിൽ കൊടുക്കുകയും ചെയ്തു.

ഇനി നോക്കുക ഒരുസ്ത്രീ ഇന്ത്യയുടെ തെക്കേ അറ്റത്ത് താമസിക്കുന്നു. വിവിധ ഗോത്രങ്ങളും വിവിധ ആളുകളും വിവിധഭാഷകളുമുള്ള പാക്കിസ്ഥാനിലെ പഞ്ചാബിൽ ഒരു സ്ത്രീ താമസിക്കുന്നു. മൂന്നാമത്തെ സ്ത്രീ ജർമനിയിൽ താമസിക്കുന്നു. പക്ഷേ, ത്യാഗം ചെയ്യാനുള്ള അവരുടെ ആത്മാവും ചിന്തയും ഒന്നാണ്. ഇത് ഒത്തൊരുമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിൽ സൃഷ്ടിച്ച ത്യാഗത്തിന്റെ നിലവാരമാണിത്. അഹ്മദികളുടെമേൽ അല്ലാഹു വർഷിച്ചുകൊണ്ടിരിക്കുന്ന അവന്റെ അനുഗ്രഹമാണിത്.

നവഅഹ്മദികൾ ധനത്യാഗത്തിലും ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരുപാട് വളരുകയാണ്. അല്ലാഹു ത്യാഗംചെയ്യുന്നവരിൽ എങ്ങനെയാണ് അനുഗ്രഹം ചൊരിയുന്നത്, എങ്ങനെയാണ് ത്യാഗത്തിന് ഫലം പിടിക്കുന്നത്, അതിന്റെ ഫലമായി അവരുടെ ഈമാനിലും ആത്മാർഥതയിലും കൂടുതൽ അഭിവൃദ്ധി ഉണ്ടാകുന്നത് ഇതിനുള്ള ചില ഉദാഹരണങ്ങൾ സമർപിക്കുകയാണ്.

നായിബ് വക്കീലുൽമാൽ തഹ്‌രീക്കെ ജദീദ് ഖാദിയാൻ എഴുതുന്നു: കേരളത്തിലെ ഒരു ജമാഅത്തായ പത്തപ്പിരിയത്തുള്ള ഒരു സ്നേഹിതൻ ഫോണിലൂടെ പറഞ്ഞു, കഴിഞ്ഞ വർഷം ഹുദൂർ തഹ്‌രീക്കെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനം നടത്തിക്കൊണ്ട് ആഫ്രിക്കയിലെ ആത്മാർഥരായ ആളുകൾ ദാരിദ്ര്യമുണ്ടായിട്ടും തഹ്‌രീക്കെജദീദിൽ അത്യുത്സാഹത്തോടെ പങ്കെടുത്തുവെന്ന് പറയുകയുണ്ടായി. നമ്മൾ എന്തായാലും കഴിവുള്ളവരാണല്ലോ. എന്റെ തഹ്‌രീക്കെ ജദീദ് ചന്ദവാഗ്ദാനം രണ്ടുലക്ഷം രൂപ വളരെ കുറവാണ്. അതിനാൽ അത് വർധിപ്പിച്ച് അഞ്ചുലക്ഷമാക്കുക. കുറച്ചു കാലത്തിനുശേഷം അദ്ദേഹം തന്റെ ചന്ദ മുഴുവനും അടച്ചു. പറഞ്ഞു: തഹ്‌രീക്കെ ജദീദിന്റെ ചന്ദവാഗ്ദാനം കൂട്ടിയുടനെ അല്ലാഹു എന്റെ ജോലിയിൽ അതിരറ്റ അനുഗ്രഹം ചൊരിഞ്ഞു. ഇപ്പോൾ ചെയ്തുത്തീർക്കാൻ പ്രയാസപ്പെടുംവിധം ജോലിയാണ് എനിക്കുള്ളത്.

ഇബ്റാഹീം സാഹിബ് കർണാടകയിൽ ഇൻസ്പെക്ടർ തഹ്‌രീക്കെ ജദീദാണ്. അദ്ദേഹം പറയുന്നു: ഗുൽബർഗ ജമാഅത്തിലെ ഒരു ഖാദിം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിളിക്ക് ഉത്തരം നല്കിക്കൊണ്ട് തന്റെ ഒരു മാസത്തെ വരുമാനം 73600 രൂപ തഹ്‌രീക്കെ ജദീദ് വാഗ്ദാനമെഴുതിച്ചു. എന്നാൽ, വാഗ്ദാനം പൂർത്തിയാക്കുന്ന സമയത്ത് അദ്ദേഹം 100511 രൂപ അടച്ചു. തൽഫലമായി അല്ലാഹു അദ്ദേഹത്തിന് ഒരു മുഅ്ജിസത്ത് കാണിച്ചു. ഒരാൾ അദ്ദേഹത്തിന് ഒരു വൻതുക കൊടുക്കാനുണ്ടായിരുന്നു. അദ്ദേഹം പലപ്രാവശ്യം ചോദിച്ച് ചോദിച്ച് ക്ഷീണിച്ച് തികച്ചും നിരാശനായിക്കഴിഞ്ഞിരുന്നു. പക്ഷേ, ഒരു ദിവസം അയാൾ അപ്രതീക്ഷിതമായിവന്നു. ഖേദം പ്രകടിപ്പിച്ചുകൊണ്ട് മുഴുവൻ തുകയും തിരിച്ചു നല്കി. ധനത്യാഗംകൊണ്ട് അല്ലാഹു എങ്ങനെയാണ് ഈമാനിൻ ദൃഢത ഉണ്ടാക്കുന്നതെന്ന് നോക്കുക. ലോകത്ത് വിവിധ സ്ഥലങ്ങളിൽ ഇതിന്റെ ദൃശ്യങ്ങൾ കാണാൻ കഴിയുന്നു.

ഉസ്ബക്കിസ്ഥാൻ(Uzbekistan) നിലെ ഒരു നവഅഹ്മദി സ്നേഹിതനാണ് വാഹിദ് വോച്ച് സാഹിബ്. അദ്ദേഹം പറഞ്ഞു, ഈ വർഷം ഞാൻ ബയ്അത്തു ചെയ്യുകയും ചന്ദ കൊടുക്കാൻ തുടങ്ങുകയും ചെയ്തതുമുതൽ എന്റെ വരുമാനത്തിൽ അത്ഭുതാവഹമായ വർധനവാണ് ഉണ്ടായിട്ടുള്ളത്. ഈ വർഷം ഉണ്ടായ വരുമാനം കഴിഞ്ഞ 13 വർഷത്തിനുള്ളിൽ ഒരിക്കലും ഉണ്ടായിട്ടില്ല. അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നതുകൊണ്ട് മാത്രമാണ് ബർക്കത്തെന്ന് ഇപ്പോൾ എനിക്ക് തികഞ്ഞ വിശ്വാസമുണ്ടായിരിക്കുന്നു.

പുതിയതായി വരുന്നവരും ആത്മാർഥതയിലും കൂറുപുലർത്തുന്നതിലും വളർന്നു വരുന്നു. അറബ് രാഷ്ട്രത്തിൽ ഒരു സ്നേഹിതനുണ്ട്. അദ്ദേഹം 2011 നവംബറിൽ ബയ്അത്ത് ചെയ്തതാണ്. കഴിഞ്ഞ വർഷം അദ്ദേഹത്തിന്റെ ഭാര്യയും ബയ്അത്ത് ചെയ്തു. ഈ വർഷം ഭാര്യയും ഭർത്താവുംകൂടി ഏകദേശം 14000 പൗണ്ട് തഹ്‌രീക്കെ ജദീദിൽ അടച്ചു. ഈ തദ്ദേശ ജമാഅത്തുകളിൽ കുടുംബങ്ങളിൽനിന്ന് അടയ്ക്കുന്നസംഖ്യകളിൽ ഏറ്റവും വലിയ ത്യാഗമാണിത്. സാമ്പത്തിക ത്യാഗത്തിന്റെ പുരുഷന്മാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും ഒരുപാട് സംഭവങ്ങൾ മുന്നിൽ വരാറുണ്ട്. ഇക്കാലഘട്ടത്തിൽ ഞാൻ പറഞ്ഞതുപോലെ ജനങ്ങൾ മുൻഗണന നല്കുന്നതു മുഴുവൻ ഭൗതികാസ്വാദനങ്ങളിലേക്കും സുഖങ്ങളിലേക്കുമാണ്. പക്ഷേ, അഹ്മദി അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ത്യാഗങ്ങൾ വരിക്കുന്നു.

യുഗാണ്ട (Uganda)യിൽനിന്ന് കാംഗാ റീജ്യണിലെ ഒരു മുബല്ലിഗ് എഴുതുന്നു: ഞങ്ങൾ ബോസോ ജമാഅത്തിലെ ഒരു അംഗത്തോട് തഹ്‌രീക്കെ ജദീദ് വാഗ്ദാനം പൂർത്തിയാക്കാൻ പറഞ്ഞു. ആ പാപത്തിന്റെ വീട്ടിൽ ഒരു കോഴിമാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം അതേ സമയം തന്റെ വാഗ്ദാനത്തിന് തുല്യമായ വിലയുള്ള ആ കോഴി നല്കി.

അമേരിക്കയിലെ നാഷണൽ സെക്രട്ടറി തഹ്‌രീക്കെ ജദീദ് എഴുതുന്നു: 11 വയസ്സുള്ള ഒരു കുട്ടി വീഡിയോ ഗയിം വാങ്ങുന്നതിനുവേണ്ടി പണം കൂട്ടിക്കൂട്ടിവെക്കുകയായിരുന്നു. ഈ കുട്ടിയോട് തഹ്‌രീക്കെ ജദീദ് ചന്ദയെ കുറിച്ച് പറഞ്ഞപ്പോൾ വീഡിയോ ഗയിം വാങ്ങുന്നതിനുവേണ്ടി കൂട്ടിവച്ച 100 ഡോളർ ചന്ദ കൊടുത്തു. ഇപ്രകാരം ആ കുട്ടി ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞ പൂർത്തിയാക്കി കാണിച്ചു.

യുഗാണ്ട (Uganda)യിൽനിന്ന് അക്കാംഗ റീജ്യന്റെ മുബല്ലിഗ് എഴുതുന്നു: 'നമ്മുടെ റീജ്യണിലെ നാച്ചേറെ ജമാഅത്തിലെ ഒരു ത്വിഫ്ല്(ആൺകുട്ടി) നമസ്കാരം പഠിച്ചു. ഇപ്പോൾ അവിടെ തന്റെ ജമാഅത്തിൽ ഇമാമത്ത് വഹിക്കുന്നു. ജുമുആയും നമസ്കരിപ്പിക്കുന്നു. അമീർ സാഹിബ് അവന് പ്രോത്സാഹനം നല്കിക്കൊണ്ട് കറച്ച് സമ്മാനം നല്കി. അവൻ ആ പൈസ തഹ്‌രീക്കെ ജദീദിൽ കൊടുത്തു. ഈ ത്വിഫ്ലിനെ കണ്ടുകൊണ്ട് ആ ജമാഅത്തിലെ മറ്റു അത്ഫാലുകളിലും ചന്ദ കൊടുക്കാനുള്ള അഭിനിവേശമുണ്ടായിരിക്കുന്നു.

ലോകത്ത് എല്ലാ കോണുകളിലും അല്ലാഹു ഇത്തരത്തിലുള്ള ആത്മാർഥരും ത്യാഗത്തിന്റെ ആത്മാവ് മനസ്സിലാക്കിയിട്ടുള്ളവരുമായ ആളുകളെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് നല്കിക്കൊണ്ടിരിക്കുന്നു. ഈ ആത്മാവ് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. എല്ലാവരും തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നവരാകട്ടെ.

ഇപ്പോൾ ഞാൻ തഹ്‌രീക്കെ ജദീദിന്റെ പുതിയ വർഷത്തിന്റെ വിളംബരം ചെയ്തുകൊണ്ട് കഴിഞ്ഞ വർഷത്തെ റിപ്പോർട്ട് ഹ്രസ്വമായി സമർപിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്‌രീക്കെ ജദീദിന്റെ 81-ാം വർഷം ഒക്ടോബർ 31 ന് അവസാനിക്കുകയും 82-ാം വർഷം ആരംഭിക്കുയും ചെയ്തു. അതിൽ നമ്മൾ പ്രവേശിച്ചിരിക്കുന്നു. ഇതുവരെ റിപ്പോർട്ട് ഇവിടെ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം തഹ്‌രീക്കെ ജദീദിന്റെ സാമ്പത്തിക വ്യവസ്ഥിതിയിൽ മൊത്തം പിരിഞ്ഞത് തൊണ്ണൂറ്റിരണ്ടുലക്ഷത്തി പതിനേഴായിരത്തി എണ്ണൂർ പൗണ്ടാണ്.(9217800). അൽഹംദുലില്ലാഹ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇത് ഏഴു ലക്ഷത്തി നാൽപത്തി ഏഴായിരം പൗണ്ട് അധികമാണിത്.

ഇതിനുശേഷം ഹുദൂർ ലോകത്തെ വിവിധ രാജ്യങ്ങളിലെ പൊസിഷൻ പറയുകയുണ്ടായി. പാക്കിസ്ഥാനാണ് ഒന്നാം സ്ഥാനത്ത് നില്ക്കുന്നത്. അതിനുശേഷം ആദ്യത്തെ പത്തു പൊസിഷൻ നേടിയ രാജ്യങ്ങൾ ഇവയാണ്. ജർമനീ, ബ്രിട്ടൺ, അമേരിക്ക, കാനഡ, ആസ്ട്രേലിയ, ഇന്ത്യാ, മിഡിൽ ഈസ്റ്റ്, ഇൻഡോനേഷ്യാ, മറ്റൊരു മിഡിലീസ്റ്റ് ജമാഅത്ത്, ഘാനാ. ഇതിനുശേഷം ഹുദൂർ ഈ രാജ്യങ്ങളിലെ ജമാഅത്തുകളുടേയും ജില്ലകളുടേയും വിശദമായ സ്ഥിതിവിവരക്കണക്കുകൾ അവതരിപ്പിച്ചതിനുശേഷം പറഞ്ഞു, ഇന്ത്യയിലെ 10 ജമാഅത്തുകൾ ഇവയാണ്-കരുളായി, ഹൈദരബാദ്, കോഴിക്കോട്, ഖാദിയാൻ, പത്തപ്പിരിയം, കണ്ണൂർ ടൗൺ, പഴയങ്ങാടി, കൊൽക്കത്ത, ബംഗ്ലുരു കർണാടക, സോളൂർ തമിഴ്നാട്. ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 10 സംസ്ഥാനങ്ങൾ-കേരള, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, ജമ്മു കശ്മീർ, ഒഡിശ, ബംഗാൾ, പഞ്ചാബ്, ദില്ലി, മഹാരാഷ്ട്ര.

അല്ലാഹു ഇതിൽ പങ്കെടുത്ത എല്ലാവരുടേയും സമ്പത്തുകളിലും ആത്മാക്കളിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരെ ആത്മാർഥതയിലും കൂറിലും വർധിപ്പിക്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 06.11.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala